"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - അമ്പലമുക്ക് - പേരൂർക്കട - വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 528/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

G.O.(Rt)No.2580/2024/LSGD തീയതി,തിരുവനന്തപുരം, 31-12-2024

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 16/02/2024 തീയതിയിലെ എ3/1333/2014/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.1884/2024/തസ്വഭവ തീയതി 09/10/2024.

3. സ.ഉ.(സാധാ)നം.8974/2024/ധന തീയതി 04/12/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - അമ്പലമുക്ക് - പേരൂർക്കട - വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ശ്രീ. ദിൽഷാദ് മുഹമ്മദ് ഹസ്സന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സർവ്വേ നമ്പർ 7/126-പ്പെട്ട 0.11 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 528/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 529/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,55,631/- രൂപ (ഏഴ് ലക്ഷത്തി അമ്പത്തിയഞ്ചായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ദിൽഷാദ് മുഹമ്മദ് ഹസന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 7,56,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3). മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ കവടിയാർ - അമ്പലമുക്ക് - പേരൂർക്കട - വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 7/126-പ്പെട്ടതും ശ്രീ. ദിൽഷാദ് മുഹമ്മദ് ഹസ്സന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.11 ആർ സ്ഥലം

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 528/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,55,631/- രൂപ (ഏഴ് ലക്ഷത്തി അമ്പത്തിയഞ്ചായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. ദിൽഷാദ് മുഹമ്മദ് ഹസന് (Kanis Banglow, Madras Lane, Peroorkada, Thiruvananthaopuram) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4). പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. ദിൽഷാദ് മുഹമ്മദ് ഹസൻ (Kanis Banglow, Madras Lane, Peroorkada, Thiruvananthaopuram) (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/226/024-Fin dated 09/12/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/302 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 31-12-2024 15:47:37
സെക്ഷൻ ഓഫീസർ